**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1889** **05-07-2022 - ൽ മറുപടിയ്ക്ക്**

**വഖഫ് സ്വത്തുകൾ തിരിച്ച് പിടിയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പല സ്ഥലങ്ങളിലായി അന്യാധീനപ്പെട്ട വഖഫ് സ്വത്തുകൾ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | സംസ്ഥാനത്തെ അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ തിരിച്ചുപിടിക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സംസ്ഥാനത്ത് പല വഖഫ് വസ്തുക്കളും വലിയ തോതിൽ കൈയ്യേറ്റം/കൈമാറ്റം ചെയ്യപ്പോയിട്ടുണ്ടെന്നതും അത് തിരിച്ച് പിടിക്കുവാൻ നാളിതുവരെ കഴിഞ്ഞിട്ടില്ലായെന്നതിന്റെയും വെളിച്ചത്തിൽ ഇത്തരത്തിൽ അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ തിരിച്ച് പിടിക്കുവാനും അനധികൃത കൈയ്യേറ്റം/കൈമാറ്റം തടഞ്ഞ് വഖഫ് വസ്തുക്കൾ സംരക്ഷിക്കുന്നതിലും വഖഫ് ബോർഡിനുവേണ്ടി ഫലപ്രദമായ മാർഗ്ഗങ്ങൾ അവലംബിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയും, അതിനാവശ്യമായ നിർദ്ദേശങ്ങൾ വഖഫ് ബോർഡിനും ബന്ധപ്പെട്ടവർക്കും നൽകുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് 30.11.2021 തീയതിയിൽ ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും ചുവടെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

1. വഖഫ് ബോർഡിന്റെ കൈവശമുള്ള കേരളത്തിലെ 14 ജില്ലകളിലുമുള്ള വഖഫ് വസ്തുക്കളുടെ വിശദാംശങ്ങളടങ്ങുന്ന ലിസ്റ്റ് പൂർണ്ണമായും റവന്യൂ വകുപ്പിന് കൈമാറാൻ കേരള സ്റ്റേറ്റ് വഖഫ് ബോർഡിനോട് നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകി.

2. അന്യാധീനപ്പെട്ട വഖഫ് വസ്തുക്കളും കൂടാതെ വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെടാത്ത വഖഫ് വസ്തുക്കളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് വഖഫ് ബോർഡിൽ റിപ്പോർട്ട് ചെയ്യുന്നതിലേക്കായി പൊതുജനങ്ങളിൽ നിന്നും വിവരശേഖരണം നടത്തുന്നതിന് പത്രപരസ്യം കൊടുക്കുവാൻ തീരുമാനിച്ചു.

3. അനധികൃത കൈയ്യേറ്റം തടയുന്നതിനായി/ഒഴിപ്പിക്കുന്നതിനായി വേഗം കൈവരിക്കുന്നതിന് ബന്ധപ്പെട്ട വഖഫ് ചട്ടങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തുന്നതിനാവശ്യമായ കരട് ഭേദഗതി നിയമം സമർപ്പിയ്ക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകി.

4. വഖഫ് വസ്തുക്കളുടെ അനധികൃത കൈയ്യേറ്റങ്ങൾ തടയുന്നതിനായി ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെയും ബഹു.വഖഫ് വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

5. അതത് വില്ലേജുകളിൽ തണ്ടപ്പേർ/BTR രജിസ്റ്ററിലെ റിമാർക്സ് കോളത്തിലും ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന ആപ്ലിക്കേഷനിലെ ബന്ധപ്പെട്ട ഫീൽഡിലും വഖഫ് ഭൂമി എന്ന് രേഖപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി.

6. IT Application for Waqf Land Management എന്ന ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകി.

മേൽ തീരുമാനങ്ങളിന്മേൽ സത്വര തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി മന്ത്രിതല സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

- ബഹു.കായിക വഖഫ് ഹജ്ജ് റെയിൽവേ പോസ്റ്റ് & ടെലിഗ്രാഫ് വകുപ്പ് മന്ത്രി : ചെയർമാൻ
- ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി : അംഗം

- ചെയർമാൻ, കേരള സംസ്ഥാന വഖഫ് ബോർഡ് : അംഗം
- അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ : അംഗം
- പ്രിൻസിപ്പൽ സെക്രട്ടറി & വഖഫ് സർവ്വെ കമ്മീഷണർ : കൺവീനർ
- ലാൻഡ് റവന്യൂ കമ്മീഷണർ : അംഗം
- ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ് : അംഗം
- ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന വഖഫ് ബോർഡ് : അംഗം

പ്രസ്തുത സമിതി മൂന്ന് മാസത്തിലൊരിക്കൽ യോഗം കൂടി ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്.

ഇതിനു പുറമേ വഖഫ് നിയമം 52 പ്രകാരം അന്യാധീനപ്പെട്ട വഖ്ഫ് വസ്തുക്കൾ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികളും സെക്ഷൻ 54 പ്രകാരം അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും വഖഫ് ബോർഡ് സ്വീകരിച്ച് വരുന്നുണ്ട്.

ഇതു കൂടാതെ സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ ഡിജിറ്റൽ സർവ്വെ (GIS Mapping) പദ്ധതിയുടെ ഭാഗമായി വഖഫ് വസ്തു വകകളുടെ GIS ഏകോപനവും ഫോട്ടോശേഖരണവും ULCCS മുഖാന്തിരം നടത്തി ആയതിന്റെ വിവരങ്ങൾ കേന്ദ്രസർക്കാരിന്റെ WAMSI പോർട്ടലിൽ അപ് ലോഡ് ചെയ്തു കഴിഞ്ഞു. എന്നാൽ ആരാധനാലയങ്ങൾ, ഖബർ സ്ഥാനുകൾ എന്നിവയുമായി ചേർന്ന് വരാത്ത ഒറ്റപ്പെട്ട വഖഫ് വസ്തുക്കൾ കണ്ടെത്താനായി 1660 ഓളം വില്ലേജുകളിൽ നിന്നും എഫ്.എം.ബി സ്കെച്ചുകൾ ലഭ്യമാക്കുന്നതിന്റെ സാധ്യതകളും പരിശോധിക്കുവാൻ നടപടി സ്വീകരിച്ചതിൻ പ്രകാരം കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിനു കീഴിൽ നടപ്പിലാക്കി വരുന്ന "ഖ്വാആമി വഖഫ് ബോർഡ് തറാക്കിയാത്തി സ്കീം' എന്ന പദ്ധതിയുടെ മാത്രം ഭാഗമായിട്ടുള്ള സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ ജി.ഐ.എസ് മാപ്പിംഗ് പ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിലേക്കായി വഖഫ് വസ്തുക്കളുടെ എഫ്.എം.ബി സ്കെച്ചുകൾ 04.08.2016-ലെ സ.ഉ (പി) നം.437/2016/റവ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ 50% ഇളവ് വരുത്തി കേരള സംസ്ഥാന വഖഫ് ബോർഡിന് ലഭ്യമാക്കുന്ന കാര്യത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കോഴിക്കോട് കുറ്റിക്കാട്ടൂർ ജമാഅത്ത് കമ്മിറ്റി പുതിയ യതീം ഖാന ആരംഭിക്കുന്നതിന് വേണ്ടി വാങ്ങിയ വഖഫ് വസ്തുക്കൾ അന്യാധീനപ്പെട്ടത്, കണ്ണൂർ തളിപ്പറമ്പ ജമാഅത് വക കോടികളുടെ സ്വത്ത് വകകൾ, ആലപ്പുഴ പാണാവള്ളി തെക്കും ഭാഗം മുഹിയുദ്ധീൻ പുത്തൻപള്ളി വക, എറണാകുളം മുഹമ്മദ് സിദ്ദീഖ് സേട്ട് വഖഫ് വക, മലപ്പുറം പാണ്ടിക്കടവത്ത്, മമ്പാട് ഓർഫനേജ്, നൂറുൽ ഇസ്ലാം മദ്രസ്സ കമ്മിറ്റി വക, അൻസാറുൽ ഇസ്ലാം മദ്രസ്സ കമ്മിറ്റി വക സ്വത്തുക്കൾ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരിച്ചു പിടിക്കാൻ നടപടി തുടങ്ങിയിട്ടുള്ള ചില ഉദാഹരണങ്ങളാണ്. കോഴിക്കോട് കുറ്റിക്കാട്ടൂർ വക വസ്തുക്കളുടെ രജിസ്ട്രേഷൻ നടപടികൾ ഉടമസ്ഥാവകാശം മാറ്റി കൊണ്ട് പൂർത്തിയായി കഴിഞ്ഞു.